**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4750. 26.10.2016 ന് മറുപടിയ്ക്ക്**

**വിദ്യാർത്ഥികൾക്കിടയിലുള്ള ലഹരി വസ്തു ഉപഭോഗം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.ശർമ്മ : | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പമന്ത്രി) |
| മദ്യം, മയക്കമരുന്ന് എന്നിവ ഉൾപ്പെടെയുള്ളവയുടെ ഉപഭോഗവും വ്യാപനവും സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കിടയിൽ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം സാഹചര്യങ്ങൾ നേരിടുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | ഉണ്ട്. വിദ്യാർത്ഥികളുടെ ഇടയിൽ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം വർദ്ധിച്ചു വരുന്നതും വിദ്യാർത്ഥികളെ ഇത്തരം പദാർത്ഥങ്ങളുടെ വാഹകരായി ഉപയോഗിക്കുന്നതും വളരെ ഗുരുതരമായ സാമൂഹ്യ പ്രശ്നമായാണ് സർക്കാർ കാണുന്നത്. മയക്കമരുന്നുകളുടെയും പുകയില ഉൽപ്പന്നങ്ങളുടെയും മറ്റ് ലഹരി പദാർത്ഥങ്ങളുടെയും ഉപയോഗം മൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളിൽ, പ്രത്യേകിച്ച് യുവജനങ്ങൾക്കിടയിൽ, അവബോധം ഉണ്ടാക്കുന്നതിന് ശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ എക്സൈസ് വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. ബോധവത്ക്കരണ പ്രവർത്തനങ്ങൾ വിപുലമാക്കുന്നതിനായി കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ 'വിമുക്തി' രൂപീകരിച്ചിട്ടുണ്ട്. സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് മദ്യം, മയക്കമരുന്നുകൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് രഹസ്യനിരീക്ഷണം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടക്കാനിടയുള്ള സ്ഥലങ്ങളിൽ കർശന പരിശോധനകൾ നടത്തുകയും കുറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. വിദ്യാർത്ഥികൾക്ക് മയക്കമരുന്നും പുകയില ഉൽപ്പന്നങ്ങളും എത്തിച്ച് നൽകുന്നവർക്കെതിരെ നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സാധ്യമായ പരമാവധി ശിക്ഷ ലഭിക്കുന്ന രീതിയിൽ പഴുതുകളില്ലാത്ത നടപടികൾ സ്വീകരിച്ച് |

| | | | |
|---|---|---|---|
| | | | വരുന്നതാണ്. കഞ്ചാവ് അടക്കമുള്ള മയക്കമരുന്നുകൾ വിൽപ്പന നടത്തുന്നവർക്കെതിരെ കോട്പ ആക്ട് പ്രകാരവും കേസുകൾ രജിസ്റ്റർ ചെയ്ത് കർശ്ശനമായ നിയമ നടപടികൾ എടുത്തു വരുന്നുണ്ട്.<br>സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്ക് ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ച് അവബോധം വളർത്തുന്നതിന് എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രചാരണം നടത്തി വരുന്നു. അതോടൊപ്പം ലഹരി വിരുദ്ധ ആശയങ്ങൾ അടങ്ങിയ ഹ്രസ്വചിത്രങ്ങൾ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രദർശനം നടത്തുകയും ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. വിദ്യാർത്ഥികൾക്കും അധ്യാപകർക്കും രക്ഷിതാക്കൾക്കും മദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും വില്പന, ഉപഭോഗം തുടങ്ങിയവ സംബന്ധിച്ച പരാതികളും വിവരങ്ങളും വകുപ്പിന് കൈമാറുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുള്ളതും സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും പരാതിപ്പെട്ടികൾ സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എക്സൈസ് കമ്മീഷണർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ സ്കൂളുകളിലും കോളേജുകളിലും ഈ വിഷയത്തിൽ ബോധവത്ക്കരണ ക്ലാസുകൾ എടുക്കുന്നുണ്ട്. എക്സൈസ് കമ്മീഷണർ ഇതിനോടകം നൂറിലധികം കോളേജുകളിലും സ്കൂളുകളിലും നേരിട്ട് വിദ്യാർത്ഥികൾക്ക് ക്ലാസുകൾ എടുത്തിട്ടുണ്ട്. സ്കൂളുകളിലെ പ്രധാനാദ്ധ്യാപകർ, കോളേജ് പ്രിൻസിപ്പൽമാർ, പി.റ്റി.എ. പ്രസിഡന്റുമാർ തുടങ്ങിയവരും മറ്റ് അദ്ധ്യാപകരുമായി എക്സൈസ് കമ്മീഷണർ നേരിട്ട് ബന്ധപ്പെട്ട് ആവശ്യമായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**